# ഹദീസ് നിഷേധികളെ കുറിച്ച്
## നബി(ﷺ)യുടെ മുന്നറിയിപ്പ്

അബ്ദുൽമാലിക് മൊറയൂർ

ഇസ്‌ലാമിനെ സമ്പൂർണ്ണമായി ഗ്രഹിക്കണമെങ്കിൽ ഖുർആനിനെയും അതിന്റെ വിശദീകരണമായ ഹദീസിനേയും പിമ്പറ്റിയേ തീരൂ. അതിൽ ഏതെങ്കിലുമൊന്നിനെ മാറ്റിനിർത്തിയാൽ ഇസ്ലാമിനെ വികലമാക്കലാകുമത്. ഇസ്‌ലാമിനെ തകർക്കാനും തളർത്താനും അശ്രാന്തപരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ശത്രുക്കൾ, ഇസ്‌ലാമിന്റെ പ്രോജ്ജ്വല പ്രമാണങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമങ്ങൾ നടത്തിനോക്കി. പ്രധാനമായും ഹദീസിനെയാണവർ ഉന്നം വച്ചത്. കാരണം ഹദീസില്ലാതെ ഖുർആൻ സമ്പൂർണമായും ഗ്രഹിക്കാനാവില്ല എന്ന് മറ്റാരെക്കാളും കൂടുതൽ മനസ്സിലാക്കിയത് ഇസ്‌ലാമിന്റെ ശത്രുക്കൾ തന്നെയായിരുന്നു.

അങ്ങനെ ഹദീസിന്റെ പ്രാമാണികതയെയും അടിത്തറകളെയും ചോദ്യം ചെയ്യുന്നവർ ഈ സമൂഹത്തിൽ നിന്നുതന്നെ തലപൊക്കി. ഇങ്ങനെ ഒരു കൂട്ടർ ഇവിടെ പ്രത്യക്ഷപ്പെടാനുണ്ടെന്ന് നബി(സ്വ) വഹ്‌യിന്റെ അടിസ്ഥാനത്തിൽ പ്രവചിച്ചതിന്റെ പൂർത്തീകരണം മാത്രമായിരുന്നു ഇക്കൂട്ടരുടെ രംഗപ്രവേശം.

നബി(സ്വ) പറഞ്ഞു:

ألاَ إني أوتيت الكتاب ومثله معه. ألاَ يوشك رجل شبعان على أريكته يقول:
عليكم بهذا القرآن فما وجدتم فيه من حلال فأحلّوه وما وجدتم فيه حرام فحرّموه.
(أبوداود. صحيح الجامع: ٢٦٤٣)

'അറിഞ്ഞുകൊള്ളുക' എനിക്ക് ഖുർആനും കൂടെ അതുപോലെയുള്ള ഒന്നും നൽകപ്പെട്ടിട്ടുണ്ട്. ഭാവിയിൽ ഒരുത്തൻ വയറു നിറച്ച് ചാരുകട്ടിലിൽ ചെരിഞ്ഞിരുന്ന് പറയും: 'നിങ്ങൾ ഖുർആൻ മുറുകെ പിടിക്കുക. അതിലുള്ള ഹലാലുകളെ ഹലാലായികാണുക. അതിലുള്ള ഹറാമുകളെ ഹറാമായി മനസ്സിലാക്കുക.

'വയറ് നിറച്ച് കട്ടിലിൽ ചെരിഞ്ഞിരിന്നുകൊണ്ട്' എന്ന പ്രവാചകന്റെ പ്രയോഗം ശ്രദ്ധേയമാണ്. ഹദീസ് നിഷേധികളുടെ സുഖലോലുപ ജീവിതത്തിലേക്കും ഭൗതിക പ്രമത്തതയിലേക്കുമുള്ള വിരൽ ചൂണ്ടലുകളാണത്. തങ്ങളുടെ ഭൗതിക സുഖാഡംഭര ജീവിതത്തിന് തടസ്സം നിൽക്കുന്ന വയാണ് ഹദീസുകൾ എന്ന് തോന്നുമ്പോഴാണ് ആളുകൾ അതിനെ നിഷേധിക്കാറ്. ബുദ്ധി എന്ന അല്ലാഹുവിന്റെ അനുഗ്രഹത്തെ വഹ്‌യുകളെ തട്ടിതെറിപ്പിക്കാനുള്ള ആയുധമാക്കുന്ന കടുത്ത ധിക്കാരവും ഇവരിൽ പ്രകടമായിരിക്കും.

### ഹദീസ് നിഷേധം ആദ്യനൂറ്റാണ്ടുകളിൽ

ഉത്തമ ജനതയെന്ന് പ്രവാചകൻ വിശേഷിപ്പിച്ച ആദ്യ മൂന്ന് തലമുറകൾ ജീവിച്ചകാലത്തുതന്നെ ചില ആളുകൾക്കിടയിൽ ഹദീസിനെ സംബന്ധിച്ച് ചില അഭിപ്രായങ്ങൾ ഉയർന്ന് വന്നിരുന്നു. എന്നാൽ അത്തരം വിഘടിത ശബ്ദങ്ങൾ തികച്ചും ഒറ്റപ്പെട്ടതായിരുന്നു. മുഹമ്മദ് മുസ്ത്വഫാ

അഅ്ളമി തന്റെ *'ദിറാസാത്തുൻ ഫിൽ ഹദീസിന്നബവി വതാരീഖി തദ്‌വീനിഹി'* എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: ''സ്വഹാബികളുടെ കാലത്ത് സുന്നത്തുകളെ മതപ്രമാണമായി പരിഗണിക്കാത്ത ചില ഒറ്റപ്പെട്ട വ്യക്തികൾ കാണപ്പെട്ടിരുന്നു'' *(പേ. 22).* ഇമാം ഹസനുൽബസരി(റഹി) പറയുന്നു. ''ഇംറാനുബ്നുൽ ഹുസൈൻ പ്രവാചകന്റെ സുന്നത്തുകളെ സംബന്ധിച്ച് സംസാരിച്ച്കൊണ്ടിരിക്കെ അദ്ദേഹത്തോട് ഒരാൾ പറഞ്ഞു: ഓ! അബാനജീദ്! ക്വുർആനെ സംബന്ധിച്ച് ഞങ്ങളോട് സംസാരിക്കൂ! അപ്പോൾ ഇംറാൻ ചോദിച്ചു: ''നീയും നിന്റെ ആളുകളും ഖുർആൻ പാരായണം ചെയ്യുന്നവരാണല്ലോ. എങ്കിൽ നമസ്ക്കാരത്തിന്റെ വിധികളെക്കുറിച്ചും, ഒട്ടകത്തിനും, ആടിനും എത്ര സകാത്ത് നൽകണമെന്നതിനെ സംബന്ധിച്ചും അതിൽ പറഞ്ഞത് നീ കണ്ടിട്ടുണ്ടെങ്കിൽ അതെനിക്ക് നീ പറഞ്ഞു തരിക. നിനക്കത് കാണാൻ സാധ്യമല്ല തീർച്ച! എന്നാൽ ഞങ്ങൾ അത് കണ്ടിട്ടുണ്ട്. റസൂലുല്ലാഹി (സ്വ) ഇന്ന ഇന്ന പ്രകാരം ഞങ്ങളോടാ കാര്യം കൽപ്പിച്ചിട്ടുണ്ട്. ആ മനുഷ്യൻ പറഞ്ഞു: നിങ്ങളെന്റെ കണ്ണ് തുറപ്പിച്ചു. അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ! ഹസൻ(റഹി) തുടർന്നുപറയുന്നു: ആ മനുഷ്യൻ അവസാനം ഒരു മുസ്‌ലിം ഫഖീഹ് ആയിട്ടാണ് മരിച്ചത്.'' *(അൽ മുസ്തദ്റക് 1/109,110)*

ഈ സംഭവത്തിൽ നിന്നും അക്കാലത്തുതന്നെ ഹദീസിനോട് വേണ്ടത്ര താൽപ്പര്യം കാണിക്കാത്ത ചില ഒറ്റപ്പെട്ട വ്യക്തികളുണ്ടായിരുന്നു എന്ന് തെളിയുന്നു. ഇതിന് സമാനമായ മറ്റൊരു സംഭവം ഉമയ്യത്ത്ബ്നു ഖാലിദിൽ നിന്നും ഉണ്ടായി. അദ്ദേഹം ഇബ്നുഉമർ(റ)നോടൊരിക്കൽ ചോദിച്ചു: ''നമ്മൾ നാട്ടിലുണ്ടാവുമ്പോൾ ഉള്ള നമസ്ക്കാരത്തെക്കുറിച്ചും ഭയത്തിന്റെ അവസ്ഥയിലുള്ള നമസ്ക്കാരത്തെ സംബന്ധിച്ചും ക്വുർആനിൽ കാണുന്നുണ്ട്. എന്നാൽ യാത്രയിലുള്ള നമസ്ക്കാരത്തെപ്പറ്റി അതിൽ കാണുന്നില്ലല്ലോ! ഇബ്നു ഉമർ(റ) പറഞ്ഞു: ''നമുക്കൊന്നുമറിയാത്ത അവസ്ഥയിൽ അല്ലാഹു അവന്റെ പ്രവാചകനെ നമ്മിലേക്കയച്ചു. അവിടുന്ന് എപ്രകാരമായിരുന്നോ അപ്രകാരം നാമും പ്രവർത്തിക്കുന്നു.''

യാത്രയിൽ ഒരാൾക്ക് ചുരുക്കി നമസ്കരിക്കാമെന്ന് ക്വുർആൻ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും സത്യനിഷേധികൾ നിങ്ങളെ കുഴപ്പത്തിലകപ്പെടുത്തുമ്പോൾ എന്ന നിബന്ധന വെച്ചിട്ടുണ്ടെന്നാണ് ചിലർ പറയാറുള്ളത്. എന്നാൽ ഭയപ്പാടില്ലാത്ത അവസരത്തിലും ചുരുക്കി നമസ്കരിക്കാമെന്ന് നബി(സ്വ) നമുക്ക് വ്യക്തമാക്കിത്തന്നിട്ടുണ്ട്. അതിൽ നിന്നുതന്നെ ഭയപ്പാടില്ലാത്ത യാത്രയിലും നമസ്കാരം ചുരുക്കാമെന്ന് വ്യക്തമാകുന്നുണ്ട്. (യാത്രയിലെ നമസ്കാരം ക്വുർആൻ വിവരിച്ചിട്ടില്ലെങ്കിലും ക്വുർആൻ വിശദീകരിച്ച പ്രവാചകനത് വിശദീകരിച്ചിട്ടുണ്ടെന്ന് സാരം) *(അൽമുസ്തദ്റക് : 1/258)*

കാലക്രമേണ ഇത്തരം ഒറ്റപ്പെട്ട കൂറ്റുകാരുടെ എണ്ണം മെല്ലെ മെല്ലെ വ്യാപിക്കാൻ തുടങ്ങി. എത്രത്തോളമെന്നാൽ ഇമാം അയ്യൂബ്(റഹി) പറയുകയുണ്ടായി: ''സുന്നത്തിനെ സംബന്ധിച്ച് സംസാരിക്കുന്ന ഒരാളോട് നീ അത് വിട്ട് ക്വുർആനിനെ കുറിച്ച് സംസാരിക്കുക എന്നൊരാൾ പറയുന്നത് നീ കേട്ടാൽ അവൻ വഴിപിഴച്ചവനും പിഴപ്പിക്കുന്നവനുമാണെന്ന് നീ മനസ്സിലാക്കണം.'' *(അൽ കിഫായ പേ: 16)* (ഇമാം അയ്യൂബ്(റഹി) ഹിജ്റ 131ൽ മരണമടഞ്ഞ വ്യക്തിയാണ് എന്ന് ഇതിനോട് ചേർത്ത് വായിക്കുക.)

ഹദീസിനെതിരെ ഇത്തരത്തിലുള്ള ഒറ്റപ്പെട്ട ശബ്ദങ്ങൾ ആദ്യമായി തലപൊക്കിയത് ഫിത്നയുടെ കേന്ദ്രമെന്ന് പ്രവാചകൻ(സ്വ) വിശേഷിപ്പിച്ച ഇറാഖിലായിരുന്നു. നേരത്തെ സൂചിപ്പിച്ച, ഇംറാനുബ്നുൽ ഹുസൈനോട് ഒരു വ്യക്തി ചോദിച്ചു എന്ന് പറഞ്ഞ സംഭവം ഇറാഖിലാണ് നടന്നത്. ഇംറാൻ ബസ്വറക്കാരനായിരുന്നുവെന്ന് ഇമാം ഇബ്നുഹിബ്ബാൻ രേഖപ്പെടുത്തിയതായി കാണാം. *(മശാഹീറു ഉലമാഇൽ അംസ്വാർ പേ.37)* അപ്രകാരം തന്നെ ഇമാം അയ്യൂബും (68–131 ഹി) ബസ്വറക്കാരനായിരുന്നു. (അതേ ഗ്രന്ഥം: 150) ഇമാം ശാഫി(റഹി) ഹദീസ് നിഷേധികളെക്കുറിച്ച് പറഞ്ഞവരിൽ അധികവും ഇറാഖികളായിരുന്നു. *(അസ്സുന്നത്തു വമകാനത്തുഹാ ഫിത്തശ്‌രീഇൽ ഇസ്‌ലാമി. പേ. 143)*

തുടക്കത്തിൽ ഇത് ഒറ്റപ്പെട്ട അഭിപ്രായമായിരുന്നുവെങ്കിലും രണ്ടാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും ഹദീസിനെ മൊത്തത്തിൽതന്നെ നിഷേധിക്കുന്ന, മുതവാത്തിറിനെ മാത്രം

അംഗീകരിക്കുന്ന ചിലയാളുകൾ രംഗത്ത് വന്നു. നിഷേധത്തിന്റെ ആ ശബ്ദം ഒരു പ്രത്യേക വിഭാഗമായിത്തീരുന്നതാണ് പിന്നീട് നാം കാണുന്നത്.

**ഖവാരിജുകൾ**

ഹദീസ് നിഷേധത്തിന്റെ ചരിത്രം ചികയുമ്പോൾ പ്രഥമമായി നമ്മുടെ മുന്നിലെത്തുന്ന നാമം ഖവാരിജുകളുടേതായിരിക്കും. അലി(റ)ന്റെ പക്ഷത്തുണ്ടായിരുന്ന ഇവർ പിന്നീട് *ഇനിൽഹുക്മുഇല്ലാലില്ല* (അല്ലാഹുവിനല്ലാതെ തീരുമാനിക്കാൻ അധികാരമില്ല) എന്ന വാദവുമായി പുറത്തു പോവുകയും സ്വഹാബത്തിനെ ഫിത്നക്ക് മുമ്പുള്ളവരെന്നും ശേഷമുള്ളവരെന്നും വേർതിരിച്ച് ശേഷമുള്ളവരുടെ ഹദീസുകളെ തള്ളിക്കളയുകയും ചെയ്തു. (രാഷ്ട്രീയ അഭിപ്രായഭിന്നതയുടെ പേരിൽ സ്വഹാബികൾക്കിടയിലുണ്ടായ കുഴപ്പങ്ങളേയാണ് ഫിത്ന എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്) ഈ വിഭാഗം പിന്നീട് ഇരുപതിലധികം കക്ഷികളായി വേർതിരിയുകയും ഓരോ വിഭാഗത്തിനും ഹദീസിനെ സംബന്ധിച്ച് വ്യത്യസ്തങ്ങളായ വീക്ഷണങ്ങൾ ഉണ്ടായിത്തീരുകയും ചെയ്തു.

മുസ്ത്വഫാ അഅ്ളമി പറയുന്നത് കാണുക: ‘‘ഖവാരിജുകളിൽപെട്ട ഇബാദിയ്യ കക്ഷി പൂർണമായി ഹദീസുകളെ നിഷേധിക്കുന്നവരാണെന്ന് പറഞ്ഞുകൂടാ. കാരണം, അവരുടെ ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ അവർ അലി, ഉസ്മാൻ, ആയിശ, അബൂഹുറൈറ(റ) എന്നിവരുടെ ഹദീസുകൾ സ്വീകരിച്ചിരുന്നതായി കാണാനാവും’’ *(ദിറാസാത്തുൻ ഫിൽ ഹദീസിന്നബവി പേ. 22,23)* അതേ സമയം ഖവാരിജുകളിലെ ബഹുഭൂരിപക്ഷവും അലി, ഉസ്മാൻ(റ) എന്നിവരേയും ജമൽ യുദ്ധത്തിൽ പങ്കെടുത്ത മുഴുവൻ സ്വഹാബികളെയും കാഫിറുകളാക്കുകയും അവരുടെ ഹദീസുകളെ തള്ളുന്നവരുമാണ്. *(അൽഫർകു ബൈനൽ ഫിറക് പേ. 55)*

അപ്രകാരം തന്നെ അഹ്ലുബൈത്തിന്റെ ശ്രേഷ്ഠത വിവരിക്കുന്ന മുഴുവൻ ഹദീസുകളെയും ഈ വിഭാഗം തള്ളിക്കളയുന്നു. ചുരുക്കത്തിൽ ഹദീസ് നിഷേധത്തിന്റെ വിത്തുപാകിയ ഇവർ മുസ്ലിം സമൂഹം സ്വീകരിക്കുന്ന ഒട്ടേറെ ഹദീസുകൾ നിഷേധിക്കുന്നവരാണ്. (വിശദ വിവരങ്ങൾക്ക് ഇബ്നു ഹസമിന്റെ *അൽഫസ്ലു ഫിൽ മിലലി വന്നിഹൽ 4/168, അബ്ദുൽ ഖാഹിർ ബഗ്ദാദിയുടെ അൽഫർകു ബൈനൽ ഫിറക് പേ. 54, ശഹ്റസ്താനിയുടെ അൽമിലലുവന്നിഹൽ 1/115* എന്നിവ കാണുക.)

**ശീഇകൾ**

ഹിജ്റ രണ്ടാം നൂറ്റാണ്ടിൽ തന്നെ ഹദീസ് നിഷേധവുമായി രംഗപ്രവേശം ചെയ്ത മറ്റൊരു കക്ഷിയാണ് ശീഇകൾ. അബൂബക്കർ, ഉമർ, ഉസ്മാൻ, അബൂഹുറൈറ(റ) തുടങ്ങിയ പ്രമുഖരായ നിരവധി സ്വഹാബികളുടെ ഹദീസുകളെ നിഷേധിക്കുന്നവരാണിവർ. നബി കുടുംബത്തിന്റെ പേരു പറഞ്ഞ് മുസ്ലിം സമൂഹത്തിൽ കുഴപ്പങ്ങൾ സൃഷ്ടിക്കാൻ ഇറങ്ങിപ്പുറപ്പെട്ട അബ്ദുല്ലാഹിബ്നു സബഅ് എന്ന ജൂതനാണ് ഈ കക്ഷിയുടെ ആദ്യത്തെ നേതാവ്. സുറാറത്ത്, അബൂമിഖ്ഹഫ്, അബൂബസ്വീർ, അബ്ദുല്ലാഹിബ്നു യഅ്ഫൂർ തുടങ്ങിയ മതഭ്രഷ്ടരും ഇവരുടെ നേതാക്കളിൽപ്പെടുന്നു. വിശുദ്ധഖുർആനിനെ സംബന്ധിച്ചുപോലും വളരെ അപകടകരമായ വാദങ്ങളാണ് ഈ വിഭാഗത്തിനുള്ളത് (അല്ലാമഇഹ്സാൻഇലാഹി(റഹ)യുടെ *അശീഅത്തുവൽ ഖുർആൻ* എന്ന ഗ്രന്ഥം നോക്കുക.)

ശീഇകൾ എന്ന് കേട്ടാൽ വിപ്ലവത്തിന്റെ ആവേശം മൂത്ത് അവർക്ക് സിന്ദാബാദ് വിളിക്കുകയും, അവരുടെ ഇമാമായ ഖുമൈനിയെ സ്വന്തം ഇമാമും നേതാവുമായി കാണുകയും പരിചയപ്പെടുത്തുകയും ചെയ്യുന്ന ഒരു വിഭാഗം നമ്മുടെ നാട്ടിലുണ്ട്. മതരാഷ്ട്രമെന്ന കേവല അജണ്ടയുടെ പ്രയോഗവത്കരണത്തിനായി അവർ ഊർജ്ജം സ്വീകരിക്കുന്നത് ശീഇകളിൽ നിന്നാണ്.

ശീഇകളുടെ ഹദീസിനെ സംബന്ധിച്ചുള്ള കാഴ്ചപ്പാടുകൾ അറിയാതെയാണ് ഇത്തരക്കാരുടെ ശീഈ പ്രേമമെന്ന് കരുതുകവയ്യ. കാരണം, ശീഇകളെ ന്യായീകരിക്കാൻ പേനയുന്തുന്ന ശൈഖ് മുഹമ്മദ് എന്ന ജമാഅത്ത് നേതാവ് ശീഇകളുടെ ഹദീസിനെ സംബന്ധിച്ചുള്ള കാഴ്ചപ്പാടെന്ത് എന്ന് വിവരിക്കുന്നത് കാണുക: ''അബൂബകർ, ഉമർ, ഉസ്മാൻ(റ) എന്നിവരെയും അവരെ അനുകൂലിച്ചവരെയും രൂക്ഷമായി ആക്ഷേപിക്കുകയും ശകാരിക്കുകയും ചെയ്യുന്ന ശിയാക്കൾ അവരിലൂടെ നിവേദനം ചെയ്യപ്പട്ട മുഴുവൻ ഹദീസുകളും തള്ളിക്കളയുക സ്വഭാവികം മാത്രമാണല്ലോ. അവർ അതുതന്നെ ചെയ്തു. ഏറ്റവും കൂടുതൽ ഹദീസുകൾ നിവേദനം ചെയ്ത അബൂഹുറൈറ(റ)വിനെ ഏറ്റവും വലിയ ശത്രുവും പ്രതിയോഗിയുമായി കാണുകയുമുണ്ടായി. അലി(റ)വിന്റെ കക്ഷിക്കാരായി അറിയപ്പെട്ട സ്വഹാബികളിൽ നിന്നല്ലാതെ ഉദ്ധരിക്കപ്പെട്ട ഹദീസുകളൊന്നും അവരംഗീകരിച്ചില്ല. അവരാണെങ്കിൽ കേവലം പതിനഞ്ച് പേർ മാത്രമായിരുന്നുവെന്ന് പല ശിയാപണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുമുണ്ട്. ഒട്ടേറെ കള്ള ഹദീസുകൾ കെട്ടിച്ചമച്ച് സമൂഹ മധ്യത്തിൽ പ്രചരിപ്പിച്ച ശിയാക്കൾ സ്വഹാബികൾക്കെതിരെ വ്യാജാരോപണങ്ങൾ മെനഞ്ഞുണ്ടാക്കുന്നതിൽ ഒരുതരം ആനന്ദം തന്നെ കണ്ടെത്തിയിരുന്നു. അവർ പ്രചരിപ്പിച്ച കള്ളക്കഥകളാണ് പിൽക്കാലത്ത് ഓറിയന്റലിസ്റ്റുകളും മോഡേണിസ്റ്റുകളും ഏറ്റുപാടിയത്. അബൂഹുറൈറ(റ) ഉമവീ പക്ഷപാതിയായിരുന്നുവെന്ന് ആരോപിക്കാനും അങ്ങനെ വരുത്തിത്തീർക്കാനുമായി അദ്ദേഹത്തിന്റെ പേരിൽ ഒട്ടേറെ ഹദീസുകൾ കെട്ടിയുണ്ടാക്കാനും കള്ളക്കഥകൾ പ്രചരിപ്പിക്കാനും ശിയാക്കൾ ഒരു മടിയും കാണിച്ചില്ല. പിൽക്കാലത്ത് രംഗത്തുവന്ന, നീതിബോധം പോലും ഇല്ലാതിരുന്ന തീവ്രവിഭാഗങ്ങളാണ് ഇത്തരം കുൽസിത ശ്രമങ്ങളിൽ വ്യാപൃതരായത്. അബൂഹുറൈറ(റ)വിനെതിരെയുള്ള ഒട്ടേറെ വിമർശനങ്ങളുടെ തായ്‌വേരുകൾ ചെന്നെത്തുന്നത് അവരിലാണ്.'' *(അബൂഹുറൈറയും വിമർശകരും: ശൈഖ് മുഹമ്മദ് കാരക്കുന്ന് പേ. 15)*

അഹ്ലുസ്സുന്നഃ പ്രമാണികമെന്ന് വിശ്വസിക്കുന്ന ഒരു ഹദീസ് ഗ്രന്ഥവും ശീഇകൾ അംഗീകരിക്കുന്നില്ല. അവരുടെ ഇമാമുകളുടെ പരമ്പരയിൽ കൂടി ഉദ്ധരിക്കപ്പെട്ടതെന്ന് അവർ വിശ്വസിക്കുന്ന ഹദീസുകൾ മാത്രം ക്രോഡീകരിച്ച വേറെ ചില ഗ്രന്ഥങ്ങളെയാണ് അവർ പ്രാമാണികമായി കണക്കാക്കുന്നത്.

ചുരുക്കത്തിൽ യഥാർത്ഥ ഹദീസുകളെ ഒരർത്ഥത്തിൽ പൂർണ്ണമായും തള്ളിക്കളയുന്ന ഒരു വിഭാഗമാണ് ശീഇകൾ. അവരിലെ തീവ്ര വിഭാഗം ഹദീസുകളെ പൂർണമായും തിരസ്കരിക്കുന്നവരാണെന്ന് ഇമാം സുയൂത്വി *മിഫ്താഹുൽ ജന്നഃ* യിൽ എഴുതുന്നു. *(പേജ്: 13)* ഖുർആൻ മാത്രം മതി എന്നാണ് അവരുടെ വാദം. ഇറാനിലും മറ്റും കാണപ്പെടുന്ന ശിഈ മദ്ഹബായ *ഇസ്നാ അശരി* വിഭാഗക്കാർക്ക് ഖുർആനിനെ കുറിച്ചുപോലും അപകടം പിടിച്ച വാദമാണുള്ളത്. *മുസ്ഹഫു ഫാത്വിമ* എന്ന പേരിൽ ഒരു ഖുർആനുണ്ടെന്നും അത് ഇന്ന് നിലവിലുള്ള ഖുർആനിന്റെ മൂന്നിരട്ടിയുണ്ടെന്നും ഇവരുടെ നേതാവ് കുലൈനി തന്റെ *അൽ കാഫി*യിൽ *(പേജ്: 57)* എഴുതിയിട്ടുണ്ട്. അഹ്ലുസ്സുന്നഃ അംഗീകരിക്കുന്ന ഖുർആനിനേയോ ഹദീസുകളേയോ സ്വീകരിക്കാത്ത ഇവർ, ഇസ്ലാമിന്റെ ശത്രുക്കൾക്ക് വളംവെച്ചു കൊടുക്കാനാണ് എന്നും ശ്രമിച്ചിട്ടുള്ളത്. ഹദീസുകൾക്കെതിരെ ഇവർ ഉന്നയിച്ച നിരർത്ഥക വിമർശനങ്ങളാണ് വേദവാക്യം പോലെ പിന്നീടുള്ള ഹദീസ് വിമർശകന്മാർ എടുത്തുദ്ധരിച്ചത്. അബൂഹുറൈറ(റ) എന്ന മഹാനായ സ്വഹാബിക്കെതിരെ അടിസ്ഥാന രഹിതമായ വിമർശനങ്ങൾ ആദ്യമായുന്നയിച്ചത് ശീഈ പക്ഷപാതികളായിരുന്നു. (കൂടുതൽ വിവരങ്ങൾക്ക് അല്ലാമാ ഇഹ്സാൻ ഇലാഹിയുടെ *അശ്ശീഅത്തു വസ്സുന്നഃ* എന്ന ഗ്രന്ഥം കാണുക.)

കേരളക്കരയിൽ ഹദീസ് നിഷേധവുമായി രംഗപ്രവേശം ചെയ്ത ചേകനൂർ മൗലവി, കടുത്ത ശീഈ പക്ഷപാതിയും ഹദീസ് നിഷേധിയുമായ അബ്ദുൽ ഹുസൈൻ ശറഫുദ്ദീൻ അടക്കമുള്ള നിരവധി ശീഇകളുടെ ഗ്രന്ഥത്തെ അവലംബിച്ചിട്ടുണ്ട്. മാത്രവുമല്ല, തന്റെ ഗ്രന്ഥങ്ങളിൽ നിരവധി പ്രാവശ്യം ശീഇകളെ ചേകന്നൂർ പുകഴ്ത്തിയതായും കാണാനാവും. യഥാർത്ഥ അഹ്ലുസ്സുന്നയെ മൂരാച്ചികൾ, വരട്ടുബുദ്ധികൾ,..... എന്നിങ്ങനെ ആക്ഷേപിക്കുമ്പോഴാണിതെന്നോർക്കണം.

**മുഅ്തസിലികൾ**

ഹിജ്റ 131ൽ മരിച്ച വാസ്വില്ബ്നു അത്വാഅ് ആണ് ഈ കക്ഷിയുടെ സ്ഥാപകൻ. ഹദീസിനെ പരസ്യമായി തള്ളിപ്പറയാൻ മുന്നോട്ടുവന്ന കക്ഷിയാണിവർ. മുസ്‌ലിം സമൂഹത്തിൽ ഒരു ചിന്താപ്രസ്ഥാനമെന്ന മുഖംമൂടിയുമായി കടന്നുവന്ന ഈ വിഭാഗം പിന്നീട് ഇരുപതിലധികം വിഭാഗങ്ങളായി ഭിന്നിക്കുകയുണ്ടായി. ഓരോ വിഭാഗത്തിനും ഹദീസിനെ സംബന്ധിച്ച വ്യത്യസ്തവും കൗതുകകരവുമായ പല വീക്ഷണങ്ങളുമുണ്ട്.

വാസ്വിലികൾ എന്ന വിഭാഗം ജമൽ യുദ്ധത്തിൽ പങ്കെടുത്ത ആളുകളുടെ ഹദീസുകളെ തള്ളിക്കളയുന്നു. കാരണം അവരിലൊരുകൂട്ടർ ഫാസികുകളാണത്രെ! എന്നാൽ അത് ഏത് കക്ഷിയാണ് എന്ന് ഇവർ തീർത്തുപറയുന്നുമില്ല!! അതുകൊണ്ടുതന്നെ അലി, ഹസൻ, ഹുസൈൻ, ഇബ്നുഅബ്ബാസ്, അമ്മാർ, അബൂഅയ്യൂബിൽ അൻസാരി, ആയിശ, ത്വൽഹ, സുബൈർ(റ) തുടങ്ങിയ പ്രമുഖരായ സ്വഹാബികളുടെ ഒറ്റ ഹദീസും ഇവർ സ്വീകരിക്കില്ല. *(അൽഫർകു ബൈനൽ ഫിറക്: 71, 72)* പരോക്ഷമായി ഹദീസുകളെ മുഴുവനായും തള്ളുക എന്ന പണിയാണ് അവരീ വിചിത്ര വാദത്തിലൂടെ ചെയ്തിരിക്കുന്നത്. അതുകൊണ്ട് തന്നെയാണ് ഇമാം ശാഫി(റഹി) ഹദീസുകളെ പൂർണമായി നിഷേധിക്കുന്നവരുടെ കൂട്ടത്തിൽ ഈ വിഭാഗത്തെ ഉൾപ്പെടുത്തിയത്. *(അൽ-ഉമ്മ് 7/250)* അംറുബ്നു ഉബൈദിന്റെ അംരിയാ കക്ഷിക്കും ഇതേ വാദമാണുള്ളത്. *(അൽ ഫർഖു... 100)*

അബുൽ ഹുദൈലിന്റെ കക്ഷിയായ ഹുദൈലിയ്യാ വിഭാഗമാവട്ടെ ഹദീസ് സ്വീകരിക്കാൻ ഏറെ വിചിത്രമായ മറ്റൊരു മാനദണ്ഡമാണ് മുന്നോട്ടുവെച്ചത്. സ്വർഗ്ഗം കൊണ്ട് വാഗ്ദാനം ചെയ്യപ്പെട്ട ഒന്നോ അതിലധികമോ ആളുകൾ ഉൾപ്പെട്ട ഇരുപത് സാക്ഷികൾ ഉണ്ടെങ്കിലേ ഹദീസ് സ്വീകരിക്കാവൂ എന്നാണദ്ദേഹത്തിന്റെ വാദം! നാലിൽ താഴെ സാക്ഷികളുള്ള നിവേദനം ഏത് വിഷയത്തിലായാലും അംഗീകാരയോഗ്യമല്ലെന്നും നാലു മുതൽ ഇരുപതുവരെ നിവേദകന്മാർ ഉദ്ധരിച്ചാൽ തന്നെ അത് ശരിയോ തെറ്റോ ആവാമെന്നും, സ്വർഗാവകാശിയാണെന്ന് ഉറപ്പുള്ള ഒരാളുണ്ടെങ്കിൽ മാത്രമേ അത് സ്വീകാര്യമാണെന്ന് ഉറപ്പിക്കാവൂ എന്നുമദ്ദേഹം വാദിക്കുകയുണ്ടായി. ഫലത്തിൽ മുഴുവൻ ഹദീസുകളെയും നിഷേധിക്കലാണ് ഇതിലൂടെ സംഭവിക്കുന്നത്.

മുതവാതിറായ ഹദീസുകളെപ്പോലും നിഷേധിച്ച് രംഗപ്രവേശം ചെയ്ത മുഅ്തസ്‌ലീ നേതാവാണ് 'നള്ളാം'. അബൂഹുറൈറ(റ)വിനെ കുറിച്ച് കള്ളക്കഥകൾ പ്രചരിപ്പിക്കുന്നതിൽ മുമ്പിലുണ്ടായിരുന്നത് ഇയാളായിരുന്നു. ഇമാം ഇബ്നു ഖുതൈബ(റഹി)വിന്റെ *തഅ്‌വീലു മുഖ്തലഫിൽ* ഹദീസ് ഇദ്ദേഹത്തിന്റെ വിചിത്ര ആരോപണങ്ങൾക്ക് മറുപടി പറയുന്ന ഗ്രന്ഥമാണ്. ഓറിയന്റലിസ്റ്റുകളും മോഡേണിസ്റ്റുകളും ഹദീസിനെതിരെയും അതിന്റെ റാവി(റിപ്പോർട്ടർ)മാർക്കെതിരെയും ഉന്നയിക്കുന്ന മുഴുവൻ ആരോപണങ്ങളും നള്ളാമിൽ നിന്നാണവർ സ്വീകരിച്ചത്.

ബുദ്ധിക്ക് പ്രമാണങ്ങളെക്കാൾ പ്രാമുഖ്യം നൽകുന്ന മുഅ്തസിലികൾ ബുദ്ധിക്കെതിരെന്ന് അവർക്ക് തോന്നിയ മുഴുവൻ ഹദീസുകളേയും തള്ളുന്നു. ഹദീസുകളുടെ ബലാബലം പരിശോധിക്കുന്നതിൽ ബുദ്ധിയെ തിരുകിക്കയറ്റിയത് ഇവരായിരുന്നു. അവസാനം സ്വീകാര്യമെന്ന് മുസ്‌ലിം ലോകം ഒന്നിച്ച് വിധിയെഴുതിയ നിരവധി ഹദീസുകളെ ബുദ്ധിക്ക് നിരക്കാത്തത് എന്ന കാരണത്താൽ ഇവർ നിഷേധിച്ചു.

പുറമെ അല്ലാഹുവിന്റെ വിശേഷണങ്ങളെക്കുറിച്ച് വന്ന മുഴുവൻ ഹദീസുകളേയും അസ്വീകാര്യമെന്ന് വിധിയെഴുതി ഇവർ മാറ്റി നിർത്തുന്നു. ജിന്ന്, പിശാച്, സിഹ്റ് വിഷയത്തിൽ വന്ന ഏതാണ്ടെല്ലാ ഹദീസുകളേയും ബുദ്ധിയുടെ പേരുപറഞ്ഞ് ഇവർ തള്ളുന്നു. ജാഹിള് (ഹി. 225) സമഖ്ശരി (ഹി. 538) ജുബ്ബായി (ഹി. 303) എന്നിവർ അറിയപ്പെട്ട മുഅ്തസിലീ നേതാക്കളാണ്.

സ്വർഗ്ഗത്തിൽ വെച്ച് വിശ്വാസികൾക്ക് സാധ്യമാകുന്ന അല്ലാഹുവിനെ ദർശിക്കൽ മുതവാതിറായ ഹദീസുകളിൽ വന്നതായിട്ടുപോലും ഇവർ അതിനെ തള്ളുന്നു. ഇത് കെട്ടിയുണ്ടാക്കിയ വിശ്വാസമാണെന്നാണ് ഇവരുടെ വാദം. *(ശർഹുൽ ഉസൂൽ പേജ്: 268)* മുഅ്തസിലുകളുടെ ഇത്തരം നിലപാടുകളെ ഗോൾഡ്സിഹറിനെ പോലെയുള്ള ഇസ്‌ലാമിന്റെ ശത്രുക്കൾ പുകഴ്ത്തിയിട്ടുണ്ട്.

ആഹാദായ ഹദീസുകളെസംബന്ധിച്ച് പുതിയ വസ്‌വാസുകൾ സൃഷ്ടിക്കുകയും, അവ വിശ്വാസകാര്യങ്ങളിൽ സ്വീകാര്യമല്ലെന്ന് പറഞ്ഞ് ആ വകയിലും നിരവധി ഹദീസുകളെ ഇവർ തള്ളി. ആഹാദായ ഹദീസുകൾ വിശ്വാസകാര്യങ്ങളിൽ തെളിവാക്കാൻ കൊള്ളില്ല എന്ന അപകടം പിടിച്ച വാദം ആദ്യമായി ഉന്നയിച്ചത് മുഅ്തസിലികളായിരുന്നു. മുഅ്തസിലീ നേതാവ് ജുബ്ബാഇ ഈ വാദത്തിന്റെ പ്രചാരകനായിരുന്നു. *(ശർഹുൽ ഉസൂൽ പേജ്: 69)* അവർക്കതിന്റെ പിന്നിൽ വ്യക്തമായ ലക്ഷ്യങ്ങളുണ്ടായിരുന്നു. അല്ലാഹുവിന്റെ വിശേഷണങ്ങളിൽ വന്ന നിരവധി ഹദീസുകളെ മാറ്റി നിർത്താൻ ഈ വാദത്തിലൂടെ സാധിക്കുമെന്ന് അവർക്കറിയാമായിരുന്നു.

എന്നാൽ നമ്മുടെ നാട്ടിലെ  മുഅ്തസിലിയത്തിന്റെ ജിന്ന് ബാധിച്ച ചില സുല്ലമിമാരും ഏതാനും ജാഹിലുകളും, മുഅ്തസിലികൾ ഇറക്കുമതി ചെയ്ത ഈ വാദത്തെ ഇടവും വലവും നോക്കാതെ കേരളക്കരയാകെ പാടിനടക്കുന്ന തത്രപാടിലാണ്! പാവം!! അവർക്കെന്ത് മുഅ്തസിലത്ത്!

ചുരുക്കത്തിൽ, പ്രവാചകന്റെ ഹദീസുകൾക്കെതിരെ ഒളിഞ്ഞും തെളിഞ്ഞും വിമർശന ശരങ്ങളെയ്തും അതിനെ നിഷേധിച്ചും ആദ്യകാലങ്ങളിൽ മുന്നോട്ടുവന്നവർ ഇത്തരം കക്ഷികളായിരുന്നു. അവരുടെ നിരർത്ഥക വാദങ്ങളാണ് പിന്നീട് വന്ന സകല ഹദീസ് നിഷേധികളും ഏറ്റുപാടിയത്. എപ്പോഴൊക്കെ ഹദീസിനെതിരെ കയ്യേറ്റശ്രമങ്ങൾ നടന്നിട്ടുണ്ടോ അപ്പോഴൊക്കെയും അത്തരം ശ്രമങ്ങളെ പൂർവ്വികരായ പണ്ഡിതന്മാർ തകർത്ത് തരിപ്പണമാക്കിയിട്ടുണ്ട്. *അൽഹംദുലില്ലാഹ്*